"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ് - ചെല്ലാനം മാതൃക മത്സ്യഗ്രാമം പദ്ധതി - സമഗ്ര മാലിന്യ നിർമ്മാർജ്ജനത്തിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിന്- തുക അനുവദിച്ച് ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.385/2022/F&P തിരുവനന്തപുരം, 21-06-2022

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 15/06/2022 ലെ ഡി.എഫ്.ടി.വി.എം./ 1424/2021-എൻ1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ചെല്ലാനം മാതൃക മത്സ്യഗ്രാമം പദ്ധതിയുടെ ഭാഗമായ സമഗ്ര മാലിന്യ നിർമാർജനത്തിനായി ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC), പാലക്കാട് സമർപ്പിച്ച എസ്റ്റിമേറ്റ് തുകയായ 3,24,500/- രൂപ, 2022-23 ബജറ്റ് എസ്റ്റിമേറ്റിൽ, സർവ്വേകൾക്കും പദ്ധതി പഠനത്തിനുമായി തുക വകയിരുത്തിയിരിക്കുന്ന "2405-00-103-73(പി)" എന്ന ശീർഷകത്തിൽ നിന്നും, കേരള സംസ്ഥാന തീരദേശ വികസന കോർപറേഷന് അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് ഫിഷറീസ് ഡയറക്ടർ മേൽ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചെല്ലാനം മാതൃക മത്സ്യഗ്രാമം പദ്ധതിയുടെ ഭാഗമായ സമഗ്ര മാലിന്യ നിർമാർജനത്തിനായി ഡി.പി.ആർ. തയ്യാറാക്കുന്നതിന്, 3,24,500/- രൂപ (മൂന്ന് ലക്ഷത്തി ഇരുപത്തിനാലായിരത്തി അഞ്ഞൂറ് രൂപ) "2405-00-103-73(പി)" ശീർഷകത്തിൽ നിന്നും, കേരള സംസ്ഥാന തീരദേശ വികസന കോർപറേഷന് അനുവദിക്കുന്നതിനുള്ള അനുമതി ഫിഷറീസ് ഡയറക്ടർക്ക് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതീഷ്.എസ്.ധരൻ
അണ്ടർ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടൻറ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം

ഡെപ്യൂട്ടി ഡയറക്ടർ- II, വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം

(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ